# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:94** **06.02.2020-ൽ മറുപടിയ്ക്ക്**

## മത്സ്യബന്ധനമേഖലയിലെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, എ. എൻ. ഷംസീർ<br>,, എൻ. വിജയൻ പിള്ള<br>,, എ. പ്രദീപ് കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഹാർബർ എൻജിനീയറിംഗ്, കിഫ്ബി, മത്സ്യവകുപ്പ് എന്നിവ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | എ) തീരദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.<br><br>സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന |

സൗകര്യ വികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകൾ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിഫ്ബി വഴി നടപ്പിലാക്കുന്നത്. തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2 പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, 8 തീരസംരക്ഷണ പ്രവൃത്തികൾ, 56 തീരദേശ സ്കൂളുകളുടെ വികസനം എന്നീ പദ്ധതികൾക്കായി 372 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഇതിനകം ലഭിച്ചിട്ടുണ്ട്. 65 മത്സ്യമാർക്കറ്റുകളുടെ വിപുലീകരണത്തിന് 193.47 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലുമാണ്. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം (1) ആയി നൽകിയിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കുന്ന പശ്ചാത്തലവികസന പദ്ധതികൾ പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് RIDF, നാഷണൽ ഫിഷറീസ് ഡെവലപ് മെന്റ് ബോർഡ്, കിഫ്ബി എന്നീ സ്കീമുകൾ മുഖാന്തിരമാണ്. മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തീരദേശത്തെ പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് 1363 റോഡുകൾക്ക് 589.64 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

| | |
|---|---|
| ബി) വിവിധ സ്കീമുകൾ വഴി നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | ബി) ആലപ്പുഴ ജില്ലയിലെ ചെത്തി, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി എന്നിവിടങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനും വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾ (10 എണ്ണം) കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ (10 എണ്ണം) നബാർഡ് ധനസഹായ പദ്ധതികൾ (6 എണ്ണം) ആർ.കെ.വി.വൈ, ഓഖി പാക്കേജ് പദ്ധതികൾ എന്നിവയെല്ലാം ഉൾപ്പെടെ ആകെ മൊത്തം 789 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

സി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

സി) ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിച്ചിട്ടുണ്ട് സംസ്ഥാന സർക്കാർ, മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനമൊട്ടാകെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. ഇതിൽ 36 മത്സ്യമാർക്കറ്റുകൾ ഇതിനോടകം പൂർത്തികരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. 2 എണ്ണം പൂർത്തികരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചു വരികയും ചെയ്യുന്നു.

ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് ഒട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടു ണ്ട്. ഇതിനോടകം തന്നെ 41.74 കോടി രൂപയുടെ 15 മത്സ്യമാർക്കറ്റുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനായി 502.00 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ അരൂർ മത്സ്യമാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് രാസ

ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു

പദാർത്ഥങ്ങൾ കലർത്തിയ മത്സ്യം കൊണ്ടുവരുന്നത് തടയാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

വരുന്ന മത്സ്യം പരിശോധിക്കുന്നതിലേക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ, ലേലസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യത്തിന്റെ സ്റ്റാറ്റ്യൂട്ടറി/സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കയക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയ്ക്കെതിരായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ മായം ചേർത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവ തിരിച്ചയച്ച് നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തി വരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യ മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആവശ്യപ്രകാരം കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും പ്രയോജന പ്പെടുത്തി വരുന്നു.

സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ ശേഖരിച്ച സാമ്പിളുകളിൽ 61

എണ്ണത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ പ്രസ്തുത പരിശോധനകളിൽ ഉപയോഗയോഗ്യമല്ലാത്തതായി കണ്ടെത്തിയ 2100 കി.ഗ്രാം മത്സ്യവും 2 ബോക്സ് ഐസും നശിപ്പിക്കുകയും 1,04,500/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമല്ലായെന്ന് കണ്ടെത്തിയ 2.5 ടൺ മത്സ്യം ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നിന്നും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

## അനുബന്ധം 1

2016-17 സാമ്പത്തിക വർഷം

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചമ്പാവ് കോളനി കടക്കാവൂർ - ഡ്രെയിനേജ് നിർമ്മാണം, തിരുവനന്തപുരം | 55.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്.എസ്. പുത്തൻതോട്, ചെല്ലാനം - ക്ലാസ്സ് റൂം, ഗ്രൗണ്ട് നിർമ്മാണം എറണാകുളം | 120.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.യുപി.എസ്. ചീരാൻ കടപ്പുറം - അക്കാദമിക് ബ്ലോക്ക് നിർമ്മാണം മലപ്പുറം | 167.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.വി.എച്ച്.എസ്.എസ്. മടപ്പള്ളി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 250.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. വലിയതുറ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, തിരുവനന്തപുരം | 466.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ - ടോയ്ലറ്റ് നിർമ്മാണം, ആലപ്പുഴ | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | അടുക്കള നവീകരണം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്കൂളുകളിൽ | 200.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | സ്മാർട് ക്ലാസ്സ് റൂം, തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 29 സ്കൂളുകളിൽ | 280.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | തീരദേശത്തെ 50 സ്കൂളുകളിൽ കായിക ഉപകരണ വിതരണവും ഗ്രൗണ്ട് നവീകരണവും | 250.00 | പദ്ധതി പുരോഗമിക്കുന്നു |
| 10 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ - അക്കാഡമിക് ബ്ലോക്ക്, ആഡിറ്റോറിയം നിർമ്മാണം, കണ്ണൂർ | 217.00 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ജി.എഫ്.എച്ച്.എസ്.എസ്. പുതിയാപ്പ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കോഴിക്കോട് | 203.00 | പദ്ധതി പുരോഗമിക്കുന്നു |
| 12 | ജി.എം.യുപി.എസ്. പുതിയങ്ങാടി, - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കണ്ണൂർ | 121.00 | പദ്ധതി പുരോഗമിക്കുന്നു |
| 13 | ജി.വി.എച്ച്.എസ്.എസ്. കടമക്കുടി - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, എറണാകുളം | 435.00 | പദ്ധതി പൂർത്തീകരിച്ചു |
| 14 | ജി.യുപി.എസ്. അടുക്കത്ത് ബയൽ, കസബ - അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കാസർഗോഡ് | 149.00 | പദ്ധതി പുരോഗമിക്കുന്നു |
| 15 | കുര്യാടി സബ്സെന്റർ നിർമ്മാണം, കോഴിക്കോട് | 56.00 | പദ്ധതി പൂർത്തീകരിച്ചു |
| 16 | മാട്ടൂൽ സബ്സെന്റർ നിർമ്മാണം, കണ്ണൂർ | 33.00 | പദ്ധതി പൂർത്തീകരിച്ചു |
| 17 | ഇരപുരം സബ്സെന്റർ നിർമ്മാണം, ചോറോട്, കോഴിക്കോട് | 53.00 | പദ്ധതി പൂർത്തീകരിച്ചു |
| 18 | പി.എച്ച്.സി., ആറാട്ടുപുഴ, ലബോററ്ററി, ഫാർമസി നിർമ്മാണം, ആലപ്പുഴ | 30.50 | പദ്ധതി പൂർത്തീകരിച്ചു |

2) തുമ്പ, പുല്ലുവിള മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതിയ്ക്ക് 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പൂർത്തീകരിച്ചു.

3) കരിക്കോട്, കൊല്ലം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് 356.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ടി പദ്ധതി പൂർത്തീകരിച്ചു.

4). നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി (ട്രാഞ്ചേ 22)

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഫിഷറീസ് ട്രെയിനിംഗ് സെന്റർ പുനരുദ്ധാരണം, എറണാകുളം | 22.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.യു.പി.എസ്. നല്ലില, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 185.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ഓടയം ഫിൻ ഫിഷ് ഹാച്ചറി വികസനം, തിരുവനന്തപുരം | 180.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | കാരാപ്പുഴ ഫിഷ് ഹാച്ചറി വികസനം വയനാട് | 170.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | നെയ്യാർ ഫിഷ് സീഡ് ഫാം വികസനം തിരുവനന്തപുരം | 500.00 | പദ്ധതി പുരോഗമിക്കുന്നു |
| 6 | ജി.വി.എച്ച്.എസ്.എസ്. ഞാറയ്ക്കൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, എറണാകുളം | 420.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | എരഞ്ഞോളി ഫിഷ് ഫാം വികസനം, കണ്ണൂർ | 163.00 | പദ്ധതി പുരോഗമിക്കുന്നു |
| 8 | നിഫാം ട്രെയിനിംഗ് സെന്റർ വികസനം, കടങ്ങല്ലൂർ | 307.00 | പദ്ധതി പുരോഗമിക്കുന്നു |
| 9 | പന്നിവേലിച്ചിറ ഫിഷ് ഫാം വികസനം, പത്തനംതിട്ട | 500.00 | പദ്ധതി പുരോഗമിക്കുന്നു |
| 10 | പൊയ്യ ഫിഷ് ഫാം വികസനം, തൃശ്ശൂർ | 500.00 | പദ്ധതി പുരോഗമിക്കുന്നു |
| 11 | ജി.യു.പി.എസ്. വെള്ളിമൺ, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 227.00 | പദ്ധതി പുരോഗമിക്കുന്നു |

<u>2017-18 സാമ്പത്തിക വർഷം</u>

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | അഴീക്കോട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 83.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | വളപ്പാട് ആയുർവേദ ആശുപത്രി - പുതിയ കെട്ടിടം, തൃശ്ശൂർ | 151.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | വർക്കല താലൂക്ക് ആശുപത്രി - പാലിയേറ്റീവ് ബ്ലോക്ക് നിർമ്മാണം, തിരുവനന്തപുരം | 138.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ആയുർവേദ ആശുപത്രി വികസനം, കടയ്ക്കാവൂർ, തിരുവനന്തപുരം | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം - കാഞ്ഞങ്ങാട്, തേവര, താനൂർ | 104.25 | പദ്ധതി പുരോഗമിക്കുന്നു |
| 6 | രാമൻതളി പി.എച്ച്.സി. കെട്ടിട നിർമ്മാണം, കണ്ണൂർ | 61.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | പയ്യോളി പി.എച്ച്.സി. - കെട്ടിട നിർമ്മാണം, കോഴിക്കോട് | 141.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | കൊല്ലം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം | 400.00 | പദ്ധതി പുരോഗമിക്കുന്നു |
| 9 | നെടുമ്പന സി.എച്ച്.സി., കെട്ടിട നിർമ്മാണം, കൊല്ലം | 410.00 | പദ്ധതി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| 10 | വി.കെ.പി. മെമ്മോറിയൽ പടന്ന, കെട്ടിട നിർമ്മാണം, കാസർഗോഡ് | 194.00 | പദ്ധതി പുരോഗമിക്കുന്നു |
| 11 | പള്ളിക്കര പി.എച്ച്.സി., കെട്ടിട നിർമ്മാണം, കാസർഗോഡ് | 187.00 | പദ്ധതി പുരോഗമിക്കുന്നു |
| 12 | കല്ലൂർ സബ്സെന്റർ കെട്ടിട നിർമ്മാണം, ആലപ്പുഴ | 198.00 | പദ്ധതി പുരോഗമിക്കുന്നു |
| 13 | കുണ്ടറ താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം, കൊല്ലം | 300.00 | പദ്ധതി ആരംഭിക്കേണ്ടതുണ്ട് |

2) പുതുക്കുറിച്ചി, കൊച്ചുതുറ മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതിയ്ക്ക് 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്.

3) മയ്യനാട്, കൊല്ലം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള ബ്ല്യൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് 159.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതി പുരോഗമിക്കുന്നു.

4) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി (ട്രാഞ്ചേ 23)

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവ വെൽഫയർ ലോവർ പ്രൈമറി സ്കൂൾ, പെരിനാട്, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 245.76 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ഗവ ലോവർ പ്രൈമറി സ്കൂൾ, പടപ്പക്കര അക്കാദമിക് ബ്ലോക്ക് നിർമ്മാണം, കൊല്ലം | 228.29 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ഗവ ഹയർ സെക്കറി സ്കൂൾ അഴിയൂർ, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, വടകര, കോഴിക്കോട് | 474.74 | പദ്ധതി പുരോഗമിക്കുന്നു |
| 4 | ഭവതരണി ഫിഷ് ഫാം വികസനം, ആലപ്പുഴ | 494.59 | പ്രാദേശികമായ എതിർപ്പുകൾ മൂലം പദ്ധതി ആരംഭിക്കു വാൻ കഴിഞ്ഞിട്ടില്ല |

**2018-19 സാമ്പത്തിക വർഷം**

1) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| എ | **വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം** | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ -സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 476.00 | പദ്ധതി ആരംഭഘട്ടത്തിൽ |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്., താനൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 1002.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ബേപ്പൂർ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 435.00 | പദ്ധതി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അഴീക്കൽ - സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കൽ | 558.00 | പദ്ധതി പുരോഗമിക്കുന്നു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്, കരുനാഗപ്പള്ളി - മെയിന്റനൻസ് | 44.00 | പദ്ധതി പൂർത്തീകരിച്ചു |
| **ബി** | **ഫ്ളാറ്റ് സമുച്ചയ നിർമ്മാണം** | | |
| 1 | തിരുവനന്തപുരം ജില്ലയിലെ കാരോട് 128 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10 ലക്ഷം രൂപ | പദ്ധതി പുരോഗമിക്കുന്നു |
| 2 | ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | | പദ്ധതി ആരംഭിക്കേണ്ടതുണ്ട് |
| 3 | കണ്ണൂർ ജില്ലയിലെ ഉപ്പാലവളപ്പിൽ 18 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | | പദ്ധതി താൽക്കാലികമായി നിർത്തിവച്ചു. |
| 4 | കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി ഫ്ളാറ്റ് നിർമ്മാണം | | പദ്ധതി പുരോഗമിക്കുന്നു |

**2019-20 സാമ്പത്തിക വർഷം**

2019-20 സാമ്പത്തിക വർഷം സാമ്പത്തികത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഇംപ്രൂവ്മെന്റ് ആന്റ് പ്രൊഡക്ഷൻ ഓഫ് വാല്യു ആഡഡ് ഫിഷ് പ്രൊഡക്ട് | 207.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ഫിഷ് പ്രോസസ്സിംഗ് സെന്റർ, വിഴിഞ്ഞം | 400.00 | CRZ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അർത്തുങ്കൽ - മെയിന്റനൻസ് | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.ആർ.എഫ്.ടി.എച്ച്.എസ്., ചാവക്കാട് - മെയിന്റനൻസ് | 3.45 | പദ്ധതി പൂർത്തീകരിച്ചു |
| 5 | കൃത്രിമപാര് സ്ഥാപിക്കൽ - പൂന്തുറ, ബീമാപ്പള്ളി, വലിയതുറ | 200.00 | ടെണ്ടർ നടപടി പൂർത്തീകരിച്ചു വരുന്നു |
| 6 | കൃത്രിമപാര് വിഴിഞ്ഞം പാക്കേജ് | 375.63 | ടെണ്ടർ നടപടി പൂർത്തീകരിച്ചു വരുന്നു |

സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവർത്തികൾ, വിദ്യഭ്യാസാടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ, മത്സ്യമാർക്കറ്റുകൾ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് കിഫ്ബി വഴി നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. തീര സംരക്ഷണ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മുതലപ്പൊഴി ഫിഷറി ഹാർബർ - ഷോർ പ്രൊട്ടക്ഷൻ വർക്ക് അറ്റ് താഴംപള്ളി സൈഡ് ആന്റ് കഠിനംകുളം കായൽ | 1831.00 | റീ ടെണ്ടർ ചെയ്തു. |
| 2 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ | 242.00 | Revised Design തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| 3 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയൻസ് അറ്റ് തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ | 240.00 | Revised Design തയ്യാറാക്കി വരുന്നു. |
| 4 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയൻസ് ഓൺ സതേൺ സൈഡ് ഓഫ് എസ്റ്റ്യുറി ഓഫ് ചേറ്റുവ ഫിഷിംഗ് ഹാർബർ | 686.00 | വർക്ക് അവാർഡ് ചെയ്തു |
| 5 | ഫിഷിംഗ് ഹാർബർ പ്രോജക്ട് തലായ് ഇൻ കണ്ണൂർ കൺസ്ട്രക്ഷൻ ഓഫ് അഡിഷണൽ ഗ്രോയൻസ് | 348.00 | നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു |
| 6 | ബീച്ച് സ്റ്റബിലൈസേഷൻ ഓൺ സതേൺ സൈഡ് ഓഫ് മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ | 1347.00 | കരാർ ഉടമ്പടി ഒപ്പുവച്ചു |
| 7 | ഷോർ പ്രൊട്ടക്ഷൻ വർക്ക് ഫ്രം കൊല്ലം ബീച്ച് റ്റു താന്നി | 3508.00 | നിർമ്മാണ പ്രവർത്തനം ആരംഭിച്ചു |
| 8 | ഷോർ പ്രൊട്ടക്ഷൻ വർക്ക് പ്രൊവൈഡിംഗ് ബീച്ച് ലാന്റിംഗ് ഫസിലിറ്റി ഫോർ ട്രഡീഷണൽ ഫിഷർമെൻ അറ്റ് പൂന്തുറ | 1780.00 | പ്രവൃത്തി ടെണ്ടർ ചെയ്തു |
| | **ആകെ** | **9982.00** | |

**2. ഹാർബർ നിർമ്മാണം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പദ്ധതി | 11221.80 | കരാർ ഉടമ്പടി ഒപ്പുവച്ചു |
| 2 | ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പദ്ധതി | 9743.66 | 21/01/2020 ൽ പദ്ധതി കിഫ്ബി അംഗീകരിച്ചു |
| | **ആകെ** | **20965.46** | |

**3. തീരദേശ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**

തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 69 സ്കൂളുകൾക്ക് 141.27 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ വിശദമായ പരിശോധനകൾക്കുശേഷം 60 സ്കൂളുകളുടെ വിലയിരുത്തൽ റിപ്പോർട്ട് കിഫ്ബിയിൽ നിന്നും ലഭിക്കുകയും അതിൽ 56 സ്കൂളുകൾക്കായി 64.18 കോടി രൂപയുടെ പുതുക്കിയ പദ്ധതികൾ കിഫ്ബിയുടെ അന്തിമ പരിഗണനക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം സമർപ്പിച്ച പദ്ധതികളിൽ നിന്നും 56 സ്കൂളുകൾക്ക് 64.18 കോടി രൂപയുടെ അംഗീകാരം 21/01/2020 ൽ കൂടിയ കിഫ്ബി യോഗം നൽകിയിട്ടുണ്ട്. അംഗീകാരം ലഭ്യമായ സ്കൂളുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ജില്ല | നിയോജക മണ്ഡലം | അടങ്കൽ തുക (ലക്ഷത്തിൽ |
|---|---|---|---|---|
| 1 | ഗവ.യു.പി.സ്കൂൾ, ബീമാപള്ളി, തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | 126.00 |
| 2 | ഗവ. എൽ.പി..സ്കൂൾ, പെരുമാതുറ, തിരുവനന്തപുരം | തിരുവനന്തപുരം | ചിറയിൻകീഴ് | 74.00 |
| 3 | ഗവ. എൽ.പി..സ്കൂൾ, വർക്കല | തിരുവനന്തപുരം | വർക്കല | 174.00 |

| | | | | |
|---|---|---|---|---|
| 4 | ഗവ. എൽ.പി..സ്കൂൾ, കോട്ടപ്പുറം, കൊല്ലം | കൊല്ലം | ചാത്തന്നൂർ | 108.00 |
| 5 | ഗവ.മോഡൽ യു.പി.സ്കൂൾ, കാക്കോട്ടുമൂല, മയ്യനാട്. കൊല്ലം | കൊല്ലം | ഇരവിപുരം | 44.00 |
| 6 | ഗവ. ടൗൺ യു.പി.സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | കൊല്ലം | കൊല്ലം | 96.00 |
| 7 | കെ.ജി.വി. ഗവ. യു.പി.സ്കൂൾ, ഇളമ്പല്ലൂർ, കൊല്ലം | കൊല്ലം | കുണ്ടറ | 186.69 |
| 8 | ഗവ.യു.പി.സ്കൂൾ, പഴങ്കാലം, കൊല്ലം | കൊല്ലം | കുണ്ടറ | 52.00 |
| 9 | ഗവ.ഹയർസെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | കൊല്ലം | കരുനാഗപ്പള്ളി | 148.797 |
| 10 | ഗവ. ടൗൺ യു.പി.സ്കൂൾ, കരുനാഗപ്പള്ളി | കൊല്ലം | കരുനാഗപ്പള്ളി | 230.13 |
| 11 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കുഴിത്തുറ, കൊല്ലം | കൊല്ലം | കരുനാഗപ്പള്ളി | 175.58 |
| 12 | ഗവ.യു.പി.സ്കൂൾ കാർത്തികപ്പള്ളി,ആലപ്പുഴ | ആലപ്പുഴ | ഹരിപ്പാട് | 201.32 |
| 13 | തകഴി ശിവശങ്കര പിള്ള മെമ്മോറിയൽ ഗവ. യു.പി.സ്കൂൾ, തകഴി, ആലപ്പുഴ | ആലപ്പുഴ | കുട്ടനാട് | 90.861 |
| 14 | ഗവ. ഹയർ സെക്കന്ററി സ്കൂൾ വീയ്യപുരം, ആലപ്പുഴ | ആലപ്പുഴ | കുട്ടനാട് | 162.30 |
| 15 | ഗവ. യു.പി.സ്കൂൾ, ആരിയാട് നോർത്ത്, ആലപ്പുഴ | ആലപ്പുഴ | ആലപ്പുഴ | 85.24 |
| 16 | ഗവ. ഹൈസ്കൂൾ, കോടംതുരുത്ത് , ആലപ്പുഴ | ആലപ്പുഴ | അരൂർ | 303.74 |
| 17 | ഗവ. യു.പി.സ്കൂൾ ചിറൈക്കകം, വാരാപ്പുഴ, എറണാകുളം | എറണാകുളം | പരവൂർ | 81.21 |
| 18 | കോനാത്ത്കുന്ന് ഗവ.എൽ.പി. സ്കൂൾ, വെള്ളങ്ങല്ലൂർ, തൃശ്ശൂർ | തൃശ്ശൂർ | കൊടുങ്ങല്ലൂർ | 227.843 |
| 19 | ഗവ.ഹയർ സെക്കന്ററി സ്കൂൾ, ഇടവിലങ്ങ്, തൃശ്ശൂർ | തൃശ്ശൂർ | കയ്പ്പമംഗലം | 138.433 |
| 20 | ഗവ. ഫിഷറീസ് യു.പി.സ്കൂൾ, വാടാനപ്പള്ളി, തൃശ്ശൂർ | തൃശ്ശൂർ | മണലൂർ | 62.84 |
| 21 | ഗവ. ഫിഷറീസ് യു.പി.സ്കൂൾ, മലംകുന്ന്, തൃശ്ശൂർ | തൃശ്ശൂർ | ഗുരുവായൂർ | 68.64 |
| 22 | ഗവ.ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | മലപ്പുറം | പൊന്നാനി | 130.13 |

| | | | | |
|---|---|---|---|---|
| 23 | ഗവ. മോഡൽ എൽ.പി.സ്കൂൾ, കൂട്ടായി നോർത്ത്, മലപ്പുറം | മലപ്പുറം | തവനൂർ | 33.03 |
| 24 | ഗവ. യു.പി.സ്കൂൾ, പുറത്തൂർ, മലപ്പുറം | മലപ്പുറം | തവനൂർ | 100.07 |
| 25 | ഗവ. മോപ്പിള എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം | മലപ്പുറം | താനൂർ | 49.62 |
| 26 | ഗവ. എൽ.പി. സ്കൂൾ, ചെട്ടിപ്പാടി, പരപ്പനങ്ങാടി, മലപ്പുറം | മലപ്പുറം | തിരൂരങ്ങാടി | 48.69 |
| 27 | ഗവ.യു.പി.സ്കൂൾ, അരിയല്ലൂർ, മലപ്പുറം | മലപ്പുറം | വള്ളിക്കുന്ന് | 186.70 |
| 28 | ഗവ.എൽ..പി.സ്കൂൾ, വള്ളിക്കുന്ന് മലപ്പുറം | മലപ്പുറം | വള്ളിക്കുന്ന് | 60.38 |
| 29 | ഗവ. ഫിഷറീസ് എൽ.പി.സ്കൂൾ, ചാലിയം, കോഴിക്കോട് | കോഴിക്കോട് | ബേപ്പൂർ | 59.04 |
| 30 | ഗവ.എൽ..പി.സ്കൂൾ, ബേപ്പൂർ സൗത്ത്, കോഴിക്കോട് | കോഴിക്കോട് | ബേപ്പൂർ | 59.24 |
| 31 | ഗവ.എൽ..പി.സ്കൂൾ, പള്ളിക്കി സൗത്ത്, കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് സൗത്ത് | 66.18 |
| 32 | ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയാപ്പ, കോഴിക്കോട് | കോഴിക്കോട് | ഏലത്തൂർ | 158.30 |
| 33 | ഗവ. ഫിഷറീസ് എൽ.പി.സ്കൂൾ, കോരപ്പുഴ, കോഴിക്കോട് | കോഴിക്കോട് | കൊയിലാ ണ്ടി | 67.57 |
| 34 | ഗവ. ഫിഷറീസ് യു.പി.സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | കോഴിക്കോട് | കൊയിലാ ണ്ടി | 63.83 |
| 35 | ഗവ. യു.പി.സ്കൂൾ, അന്തിട്ട, കൊയിലാ ണ്ടി, കോഴിക്കോട് | കോഴിക്കോട് | കൊയിലാണ്ടി | 92.80 |
| 36 | ഗവ. ഫിഷറീസ് എൽ.പി.സ്കൂൾ, മേലടി, പയ്യോളി, കോഴിക്കോട് | കോഴിക്കോട് | വടകര | 60.80 |
| 37 | ഗവ. എൽ..പി.സ്കൂൾ, ചാലിൽഗോപാൽപേട്ട, കണ്ണൂർ | കണ്ണൂർ | തലശ്ശേരി | 82.121 |
| 38 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കൊടുവള്ളി, കണ്ണൂർ | കണ്ണൂർ | തലശ്ശേരി | 203.78 |
| 39 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുഴുപ്പിലങ്ങാട് , കണ്ണൂർ | കണ്ണൂർ | ധർമ്മടം | 114.09 |
| 40 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാലിയാട് , ധർമ്മടം | കണ്ണൂർ | ധർമ്മടം | 81.24 |
| 41 | സിറ്റി ഗവ. ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ | കണ്ണൂർ | കണ്ണൂർ | 140.36 |

| | | | | |
|---|---|---|---|---|
| 42 | ഗവ. എൽ.പി.സ്കൂൾ, നീർക്കടവ്, കണ്ണൂർ | കണ്ണൂർ | അഴീക്കോട് | 65.43 |
| 43 | ഗവ. യു.പി.സ്കൂൾ, നീർച്ചാൽ കണ്ണൂർ | കണ്ണൂർ | അഴീക്കോട് | 73.775 |
| 44 | ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മാടായി, കണ്ണൂർ | കണ്ണൂർ | കല്ല്യാശ്ശേരി | 203.92 |
| 45 | ഗവ. യു.പി.സ്കൂൾ, കവ്വായി, കണ്ണൂർ | കണ്ണൂർ | പയ്യന്നൂർ | 67.79 |
| 46 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഏറ്റിക്കുളം, കണ്ണൂർ | കണ്ണൂർ | പയ്യന്നൂർ | 135.78 |
| 47 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, രാമന്തളി, കണ്ണൂർ | കണ്ണൂർ | പയ്യന്നൂർ | 142.38 |
| 48 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പടന്ന കടപ്പുറം കാസർഗോഡ് | കാസർഗോഡ് | തൃക്കരിപ്പൂർ | 115.96 |
| 49 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കടംകോട് കാസർഗോഡ് | കാസർഗോഡ് | തൃക്കരിപ്പൂർ | 148.60 |
| 50 | ഗവ. യു.പി.സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | കാസർഗോഡ് | ഉദുമ | 44.00 |
| 51 | ഗവ. യു.പി.സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | കാസർഗോഡ് | ഉദുമ | 78.825 |
| 52 | ഗവ..യു.പി.എസ്, കല്ലിംഗൽ, ഉദുമ | കാസർഗോഡ് | ഉദുമ | 187.76 |
| 53 | ഗവ.യു.പി.എസ്, അഗസരഹോള, ഉദുമ | കാസർഗോഡ് | ഉദുമ | 64.90 |
| 54 | ഗവ..എച്ച്.എസ്.എസ്., പാക്കം, പള്ളിക്കര, ഉദുമ | കാസർഗോഡ് | ഉദുമ | 82.06 |
| 55 | ഗവ..എച്ച്.എസ്.എസ്., കാസർഗോഡ് | കാസർഗോഡ് | ഉദുമ | 161.79 |
| 56 | ജി.എച്ച്.എസ്.എസ്., മഞ്ചേശ്വരം | കാസർഗോഡ് | മഞ്ചേശ്വരം | 179.45 |
| | ആകെ | | | 6448.015 |

## 4. മാർക്കറ്റുകളുടെ നിർമ്മാണം:

മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട് മാർക്കറ്റുകളുടെ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. മാർക്കറ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | 270.00 |
| 2 | പുന്നമൂട് | തിരുവനന്തപുരം | 285.00 |
| 3 | നിലക്കാമുക്ക് | തിരുവനന്തപുരം | 136.98 |
| 4 | പഴയകുന്നുമേൽ | തിരുവനന്തപുരം | 300.00 |
| 5 | കടക്കാവൂർ | തിരുവനന്തപുരം | 223.58 |
| 6 | പൂന്തുറ | തിരുവനന്തപുരം | 426.91 |
| 7 | വിളവൂർക്കൽ | തിരുവനന്തപുരം | 300.00 |

| | | | |
|---|---|---|---|
| 8 | പള്ളിച്ചൽ | തിരുവനന്തപുരം | 314.00 |
| 9 | പനച്ചമൂട് | തിരുവനന്തപുരം | 500.00 |
| 10 | കാഞ്ഞിരംകുളം | തിരുവനന്തപുരം | 246.98 |
| 11 | നെയ്യാറ്റിൻകര | തിരുവനന്തപുരം | 416.30 |
| 12 | എടപ്പള്ളിക്കോട്ട | കൊല്ലം | 150.04 |
| 13 | കാവനാട് | കൊല്ലം | 250.00 |
| 14 | കണ്ണനല്ലൂർ | കൊല്ലം | 500.00 |
| 15 | സൗത്ത് പരവൂർ | കൊല്ലം | 250.00 |
| 16 | കുലശേഖരപുരം | കൊല്ലം | 156.00 |
| 17 | ശാസ്താംകോട്ട | കൊല്ലം | 389.85 |
| 18 | പുത്തൂർ | കൊല്ലം | 244.82 |
| 19 | കൊട്ടാരക്കര | കൊല്ലം | 436.00 |
| 20 | മുക്കട | കൊല്ലം | 107.27 |
| 21 | നല്ലില | കൊല്ലം | 99.20 |
| 22 | പനയം | കൊല്ലം | 153.47 |
| 23 | കടപ്പാക്കട | കൊല്ലം | 285.80 |
| 24 | അഞ്ചാലുമ്മൂട് | കൊല്ലം | 143.34 |
| 25 | തങ്കശ്ശേരി | കൊല്ലം | 426.00 |
| 26 | മൂന്നാംകുറ്റി | കൊല്ലം | 461.00 |
| 27 | കിഴക്കേകല്ലട | കൊല്ലം | 182.30 |
| 28 | ചാത്തന്നൂർ | കൊല്ലം | 278.50 |
| 29 | കൊട്ടിയം | കൊല്ലം | 402.00 |
| 30 | പാരിപ്പള്ളി | കൊല്ലം | 345.27 |
| 31 | ചിതറ കിഴക്കുംഭാഗം | കൊല്ലം | 245.10 |
| 32 | കടയ്ക്കൽ | കൊല്ലം | 336.10 |
| 33 | പുനലൂർ | കൊല്ലം | 400.00 |
| 34 | അഞ്ചൽ | കൊല്ലം | 312.20 |
| 35 | അടൂർ | പത്തനംതിട്ട | 425.00 |
| 36 | തിരുവല്ല | പത്തനംതിട്ട | 316.50 |
| 37 | കുമ്പഴ | പത്തനംതിട്ട | 354.00 |
| 38 | പത്തനംതിട്ട | പത്തനംതിട്ട | 300.00 |
| 39 | ചേർത്തല | ആലപ്പുഴ | 169.52 |
| 40 | കലവൂർ | ആലപ്പുഴ | 297.30 |
| 41 | കരീപ്പുഴ | ആലപ്പുഴ | 150.24 |
| 42 | മാങ്ങാംകുഴി | ആലപ്പുഴ | 282.31 |
| 43 | പൂച്ചാക്കൽ | ആലപ്പുഴ | 304.45 |
| 44 | അരൂർ | ആലപ്പുഴ | 494.00 |
| 45 | പുന്നപ്ര നോർത്ത് | ആലപ്പുഴ | 119.45 |
| 46 | താമരക്കുളം, മാവേലിക്കര | ആലപ്പുഴ | 280.02 |
| 47 | പുതിയകാവ് | ആലപ്പുഴ | 300.00 |
| 48 | നായരംബലം | എറണാകുളം | 400.68 |
| 49 | ചിറ്റൂർ | എറണാകുളം | 91.40 |
| 50 | ഇടക്കൊച്ചി | എറണാകുളം | 111.75 |
| 51 | കുന്നംകുളം | തൃശ്ശൂർ | 658.84 |
| 52 | ചാവക്കാട് | തൃശ്ശൂർ | 300.00 |
| 53 | ചാലക്കുടി | തൃശ്ശൂർ | 261.17 |
| 54 | പരപ്പനങ്ങാടി | മലപ്പുറം | 83.89 |
| 55 | പൊന്നാനി | മലപ്പുറം | 246.96 |
| 56 | കൊണ്ടോട്ടി | മലപ്പുറം | 323.86 |
| 57 | തിരൂർ | മലപ്പുറം | 232.25 |
| 58 | കോഴിക്കോട് സെൻട്രൽ | കോഴിക്കോട് | 500.00 |
| 59 | വെള്ളയിൽ | കോഴിക്കോട് | 300.00 |

| | | | |
|---|---|---|---|
| 60 | വടകര | കോഴിക്കോട് | 692.16 |
| 61 | കൊയിലാണ്ടി | കോഴിക്കോട് | 316.00 |
| 62 | പഴയങ്ങാടി | കണ്ണൂർ | 82.82 |
| 63 | ന്യൂ മാഹി | കണ്ണൂർ | 178.38 |
| 64 | കണ്ണപുരം | കണ്ണൂർ | 300.00 |
| 65 | കാഞ്ഞങ്ങാട് | കാസർഗോഡ് | 500.00 |
| | ആകെ | | 19346.96 |

**കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന മത്സ്യമാർക്കറ്റുകൾ**

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | നിയോജക മണ്ഡലം | പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | വർക്കല | 202.00 |
| 2 | പഴയകുന്നുമേൽ | തിരുവനന്തപുരം | ആറ്റിങ്ങൽ | 294.32 |
| 3 | നടുക്കാട് | തിരുവനന്തപുരം | കാട്ടാക്കട | 201.34 |
| 4 | പേരൂർക്കട | തിരുവനന്തപുരം | വട്ടിയൂർക്കാവ് | 1211.71 |
| 5 | നെയ്യാറ്റിൻകര | തിരുവനന്തപുരം | നെയ്യാറ്റിൻകര | 415.83 |
| 6 | പനച്ചമൂട് | തിരുവനന്തപുരം | പാറശ്ശാല | 475.00 |
| 7 | നിലക്കാമുക്ക് | തിരുവനന്തപുരം | ആറ്റിങ്ങൽ | 144.12 |
| 8 | തങ്കശ്ശേരി | കൊല്ലം | കൊല്ലം | 196.50 |
| 9 | കടപ്പാക്കട | കൊല്ലം | കൊല്ലം | 145.33 |
| 10 | പള്ളിമുക്ക് | കൊല്ലം | ഇരവിപുരം | 160.99 |
| 11 | മൂന്നാംകുറ്റി | കൊല്ലം | ഇരവിപുരം | 129.89 |
| 12 | സൗത്ത് പരവൂർ | കൊല്ലം | ചാത്തന്നൂർ | 181.06 |
| 13 | ആലുംമൂട് | കൊല്ലം | കുണ്ടറ | 150.88 |
| 14 | മണ്ണഞ്ചേരി | ആലപ്പുഴ | ആലപ്പുഴ | 139.26 |
| 15 | ചെത്തി | ആലപ്പുഴ | ആലപ്പുഴ | 125.74 |
| | ആകെ | | | 4173.97 |

മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിരുന്നു. ഇതിൽ 36 എണ്ണം ഇതിനോടകം പൂർത്തിയാക്കുകയും 2 എണ്ണം പൂർത്തികരണഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചു വരികയുമാണ്. മത്സ്യമാർക്കറ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | മത്സ്യമാർക്കറ്റ് | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | എൻ.എഫ്.ഡി.ബി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കുളത്തൂർ | 137.55 | 117.25 | 20.3 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ചിറയിൻകീഴ് | 190.059 | 159.059 | 31.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | കഴക്കൂട്ടം | 232.64 | 195.68 | 36.96 | പദ്ധതി പൂർത്തീകരിച്ചു |
| 4 | നെടുമങ്ങാട് | 238.5 | 200.6 | 37.9 | പദ്ധതി പൂർത്തീകരിച്ചു |
| 5 | വെഞ്ഞാറമൂട് | 237.04 | 199.38 | 37.66 | പദ്ധതി പൂർത്തീകരിച്ചു |
| 6 | കോന്നി | 225.753 | 189.873 | 35.88 | പദ്ധതി പൂർത്തീകരിച്ചു |
| 7 | പാലമേൽ | 174.61 | 141.372 | 33.238 | പദ്ധതി പൂർത്തീകരിച്ചു |
| 8 | കരുവാറ്റ | 196.53 | 159.12 | 37.41 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ഏറ്റുമാനൂർ | 345.49 | 225.00 | 120.49 | പദ്ധതി പൂർത്തീകരിച്ചു |
| 10 | വൈക്കം | 162.24 | 146.02 | 16.22 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ചങ്ങനാശ്ശേരി | 357.76 | 225.00 | 132.76 | പദ്ധതി പൂർത്തീകരിച്ചു |
| 12 | പള്ളുരുത്തി | 230.36 | 207.324 | 23.036 | പദ്ധതി പൂർത്തീകരിച്ചു |
| 13 | നോർത്ത് പറവൂർ | 262.50 | 225.00 | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| 14 | ആലുവ | 262.50 | 225.00 | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| 15 | തേവര | 157.5 | 121.5 | 36.0 | പദ്ധതി പൂർത്തീകരിച്ചു |
| 16 | മൂവാറ്റുപുഴ | 168.00 | 130.5 | 37.5 | പദ്ധതി പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| 17 | കാലടി | 239.77 | 201.67 | 38.1 | പദ്ധതി പൂർത്തീകരിച്ചു |
| 18 | ഉദയംപേരൂർ | 125.62 | 105.66 | 19.96 | പദ്ധതി പൂർത്തീകരിച്ചു |
| 19 | മുളംതുരുത്തി | 123.41 | 103.81 | 19.6 | പദ്ധതി പൂർത്തീകരിച്ചു |
| 20 | കുമിളി | 119.71 | 90.00 | 29.71 | പദ്ധതി പൂർത്തീകരിച്ചു |
| 21 | തൊടുപുഴ | 161.2 | 135 | 26.20 | പദ്ധതി പൂർത്തീകരിച്ചു |
| 22 | മാള | 70.72 | 63.65 | 7.07 | പദ്ധതി പൂർത്തീകരിച്ചു |
| 23 | വടക്കാഞ്ചേരി | 103.45 | 87.00 | 16.45 | പദ്ധതി പൂർത്തീകരിച്ചു |
| 24 | ഇരിഞ്ഞാലക്കുട | 250.00 | 225.00 | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 25 | പട്ടാമ്പി | 237.82 | 200 | 37.82 | പദ്ധതി പൂർത്തീകരിച്ചു |
| 26 | നിലമ്പൂർ | 151.32 | 136.188 | 15.132 | പദ്ധതി പൂർത്തീകരിച്ചു |
| 27 | വ ണ്ടൂർ | 112.31 | 90.00 | 22.31 | പദ്ധതി പൂർത്തീകരിച്ചു |
| 28 | കൽപ്പറ്റ | 148.72 | 133.848 | 14.872 | പദ്ധതി പൂർത്തീകരിച്ചു |
| 29 | സുൽത്താൻ ബത്തേരി | 196.56 | 171.00 | 25.56 | പദ്ധതി പൂർത്തീകരിച്ചു |
| 30 | പയ്യോളി | 115.63 | 90.00 | 25.63 | പദ്ധതി പൂർത്തീകരിച്ചു |
| 31 | തലശ്ശേരി | 250.00 | 225.00 | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 32 | കണ്ണൂർ | 250.00 | 225.00 | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 33 | കാസർഗോഡ് | 250.00 | 225.00 | 25.00 | പദ്ധതി പൂർത്തീകരിച്ചു |
| 34 | പൈക | 80.26 | 67.51 | 12.75 | പദ്ധതി പൂർത്തീകരിച്ചു |
| 35 | വിതുര | 103.569 | 87.11 | 16.459 | പദ്ധതി പൂർത്തീകരിച്ചു |
| 36 | കരിക്കോട് | 356.00 | 178.00 (കേന്ദ്ര വിഹിതം) | 178 | പദ്ധതി പൂർത്തീകരിച്ചു |
| 37 | പാങ്ങോട് | 262.5 | 225.00 | 37.5 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 38 | കോട്ടയം കോടിമത | 240.27 | 202.00 | 38.27 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 39 | മയ്യനാട് | 159.00 | 72.00 (കേന്ദ്ര വിഹിതം) | 87.00 | പദ്ധതി പുരോഗമിക്കുന്നു |

2019-20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനായി 502.00 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

## അനുബന്ധം -2

വിവിധ സ്കീമുകൾ വഴി നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം ചേർക്കുന്നു.

- തൃശ്ശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധനതുറമുഖം (30.24 കോടി രൂപ ) 25/02/2019-ന് കമ്മീഷൻ ചെയ്തു.

- കണ്ണൂർ ജില്ലയിലെ തലായി മത്സ്യബന്ധനതുറമുഖം (34.79 കോടി രൂപ) 18/05/2018-ന് കമ്മീഷൻ ചെയ്തു.

- കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മത്സ്യബന്ധനതുറമുഖം (63.99 കോടി രൂപ) പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സാമ്പത്തികവർഷം കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മത്സ്യബന്ധനതുറമുഖം (48.80 കോടി രൂപ) പൂർത്തീകരണഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

- തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധനതുറമുഖം ഈ സാമ്പത്തികവർഷം കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

- ഓഖി പാക്കേജിൽ നീണ്ടകര (5.11 കോടി), കായംകുളം (8.44 കോടി), തോട്ടപ്പള്ളി (13.38 കോടി), മുനമ്പം (10.57 കോടി), കാസർഗോഡ് (17.20 കോടി) എന്നീ മത്സ്യബന്ധനതുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് കേരള സർക്കാർ 54.70 കോടി രൂപയുടെ ഭരണാനുമതി നൽകി. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി, കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തി, തോട്ടപ്പള്ളി മത്സ്യബന്ധനതുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, മുനമ്പം മത്സ്യബന്ധനതുറമുഖത്തിന്റെ വടക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു. കാസർഗോഡ് മത്സ്യബന്ധനതുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് നടപടി പൂർത്തീകരിച്ചുവരുന്നു.
- താനൂർ മത്സ്യബന്ധനതുറമുഖം (14.86 കോടി), വെള്ളയിൽ മത്സ്യബന്ധനതുറമുഖം (22.33 കോടി) എന്നിവയുടെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, പൂറത്തൂർ പള്ളിക്കടവ് തീരസംരക്ഷണപ്രവൃത്തി (7.14 കോടി) എന്നിവയ്ക്ക് NABARD RIDF- XXV-ൽ ഭരണാനുമതി ലഭ്യമാക്കി. ഇതിന്റെ പ്രീ ക്വാളിഫിക്കേഷൻ ദർഘാസ് നടപടികൾ നടന്നുവരുന്നു.

- മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി 112.2 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി ലഭിച്ചു. പദ്ധതിയുടെ കരാറുകൾ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

- ചെത്തി മത്സ്യബന്ധനതുറമുഖത്തിന്റെ 98 കോടി രൂപയുടെ വികസന പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

- മത്സ്യബന്ധനതുറമുഖങ്ങളുടെ സമീപത്തുള്ള തീരശോഷണം തടയുന്നതിനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കികൊണ്ടിരിക്കുന്നു. മുതലപ്പൊഴി (18.31 കോടി) , കൊല്ലം താന്നി, (35.08 കോടി ) കായംകുളം (2.42 കോടി ) തോട്ടപ്പള്ളി (2.40 കോടി ) ചേറ്റുവ (6.86 കോടി), തലായ് (3.48 കോടി) , മഞ്ചേശ്വരം (13.47 കോടി) എന്നിവിടങ്ങളിലാണ് ഗ്രോയിൻ നിർമ്മാണം നടത്തുന്നത്. ഈ പദ്ധതികളുടെ ആകെ തുക 82.02 കോടി രൂപയാണ്. ഇതിൽ തലായ് ഗ്രോയിൻ നിർമ്മാണം 69% പൂർത്തിയായി. കായംകുളവും, തോട്ടപ്പള്ളിയുടെയും മോഡൽ സ്റ്റഡി പൂർത്തിയാക്കിയപ്പോൾ അംഗീകരിച്ച തുകയ്ക്കുള്ളിൽ പദ്ധതി നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. മുതലപ്പൊഴി ഗ്രോയിൻ പദ്ധതിയുടെ പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ചേറ്റുവ ഗ്രോയിൻ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. മഞ്ചേശ്വരം, കൊല്ലം - താന്നി തീരസംരക്ഷണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ആഫീസർ**